# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം–695 009.

റഫ:നമ്പർ: E5/154/2024/ABTT/17 　　　　　　　　　　　　　　തീയതി : 02.01.2025

## ടെണ്ടർ പരസ്യം

2025–ാംആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് താഴെ പറയുന്ന പ്രവർത്തികൾക്ക് നിശ്ചിത യോഗ്യതയും, മുൻപരിചയവുമുള്ള അംഗീകൃത കരാറുകാർ/സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള മുദ്രവച്ച ടെണ്ടർ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | ജോലി വിവരവും ഉദ്ദേശഅടങ്കൽ തുകയും | നിരതദ്രവ്യം | ടെണ്ടർ ഫാറത്തിന്റെ വില | ജോലി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | പൊങ്കാല മഹോത്സവം – 2025 – സ്റ്റേജ് ഡെക്കറേഷനും, LED Wall ഉം ചെയ്യുന്ന ജോലികൾ. (സാധന വാടകയും, ലേബർചാർജ്ജും ഉൾപ്പെടെ)<br>ഉ:അ:തുക: 8,66,000/- രൂപ | 21,650 /-രൂപ | 1,750/-രൂപ+ GST | 30 ദിവസം |

ടെൻഡർ ഷെഡ്യൂളുകളും വിശദവിവരങ്ങളും ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. നിരതദ്രവ്യമായി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും *"സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്"* എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെണ്ടറിനോടൊപ്പം അടക്കം ചെയ്തിരിക്കണം. നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും അംഗീകരിക്കുന്നതല്ല. മേൽപ്പറഞ്ഞ ജോലികൾ ഉത്സവം തുടങ്ങുന്നതിനു മുൻപ് ഏറ്റെടുക്കുന്ന കരാറുകാർ തീർത്തു നൽകേണ്ടതാണ്. ഉത്സവം തുടങ്ങുന്നതിനു മുൻപ് തീർത്തു നൽകുവാൻ നിർദ്ദേശിക്കുന്ന ജോലികൾ സമയബന്ധിതമായി പൂർണ്ണമാകാതെ വന്നാൽ പിഴ/നഷ്ടപരിഹാരം ഈടാക്കുന്നതാണ്.

പൂരിപ്പിച്ച ടെൻഡറുകൾ സെക്രട്ടറി, ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് പി.ബി.നമ്പർ 5805, ആറ്റുകാൽ, മണക്കാട്.പി.ഒ, തിരുവനന്തപുരം – 695009 എന്നവിലാസത്തിൽ **09.01.2025 വ്യാഴാഴ്ച വൈകുന്നേരം 3.00 മണിക്ക്** മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കുകയോ, ട്രസ്റ്റാഫീസിലെ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കുകയോ ചെയ്യേണ്ടതാണ്. **അന്നേദിവസം 4.00 മണിക്ക്** സന്നിഹിതരാകുന്ന കരാറുകാരുടെ സാന്നിധ്യത്തിൽ ടെണ്ടറുകൾ പൊട്ടിക്കുന്നതാണ്. വിശദ വിവരങ്ങൾ ട്രസ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.attukal.org ൽ നിന്നോ, ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.

ടെണ്ടറിനെ സംബന്ധിച്ചുള്ള എല്ലാ ട്രസ്റ്റ് നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കും. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ടെണ്ടർ സമയങ്ങളിൽ യാതൊരു മുന്നറിയിപ്പും കൂടാതെ മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കൂടുതൽ വിവരങ്ങൾ ട്രസ്റ്റാഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനു വേണ്ടി,

Notice Board: Temple, Office, Website

സെക്രട്ടറി

പകർപ്പ്:–1. ചെയർമാൻ, എ.ബി.റ്റി.റ്റി.

2. പ്രസിഡന്റ്, എ.ബി.റ്റി.റ്റി.
3. കൺവീനർ, അക്കോമഡേഷൻ കമ്മിറ്റി, പൊങ്കാല മഹോത്സവം–2025
4. ജനറൽ കൺവീനർ/ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം–2025
5. എഞ്ചിനീയറിംഗ് സെക്ഷൻ, എബിറ്റിറ്റി.
6. ഫയൽ